# # Palakkad Police Action #

## ***അനധികൃതമായി കടത്തിയ സ്വർണ്ണവും, പണവും പിടികൂടി***

ബാംഗ്ലൂരിൽ നിന്നും തൃശൂരിലേക്ക് രേഖയില്ലാതെ കടത്തിയ 700 ഗ്രാം സ്വർണ്ണവും, 5 ലക്ഷം രൂപയും പാലക്കാട് കസബ പോലീസ് പിടികൂടി.തൃശൂർ, കിഴക്കേക്കോട്ട സ്വദേശി ജെയിംസ് ജോയ് വ :43 നെ കസബ ഇൻസ്പെക്ടർ ഗംഗാധരന്റെ നേതൃത്വത്തിൽ അറസ്റ്റു ചെയ്തു.

ജില്ലാ പോലീസ് മേധാവി ദേബേഷ് കുമാർ ബെഹ്റ IPS ന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ ഇന്ന് പുലർച്ചെ നടത്തിയ വാഹന പരിശോധനയിലാണ് പുതുശ്ശേരിക്കടുത്ത് കുരുടിക്കാട് വെച്ച് ബാംഗ്ലൂർ - തൃശൂർ KSRTC ലക്ഷ്വറി ബസ്സിൽ നിന്നും പിടികൂടിയത്.

കസബ SI റിൻസ് M തോമസ് , ജില്ലാ ക്രൈം സ്ക്വാഡ് അംഗങ്ങളായ T.R. സുനിൽ കുമാർ , T. J ബ്രിജിത്ത് , K. അഹമ്മദ് കബീർ, R. വിനീഷ്, M. R. രതീഷ് എന്നിവരടങ്ങിയ സംഘമാണ് വാഹന പരിശോധനക്ക് നേതൃത്വം നൽകിയത്.



